മുനിസിപ്പൽ കോമൺ സർവ്വീസിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നത് 1972-ലെ കേരള മുനിസിപ്പൽ കോമൺ സർവ്വീസ് റൂൾസ് പ്രകാരമാണ്. പ്രസ്തുത നിയമനത്തിനുള്ള യോഗ്യതയിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ എന്ന കോഴ്സ് ഉൾപ്പെടുത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനാൽ തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ക്രമീകരണ പ്രകാരമുള്ള കരട് സ്പെഷ്യൽ റൂളിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ നിയമനത്തിനുള്ള യോഗ്യതകളിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ സ്പെഷ്യൽ റൂൾ അന്തിമമാകുന്നമുറയ്ക്ക് മേൽ പ്രശ്നത്തിന് പരിഹാരമുണ്ടാകുന്നതാണ്.

ദന്തൽ വിഭാഗം

207 (207) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിനുകീഴിൽ ദന്ത വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനാവശ്യമായവിധം ഹരിയാന, പഞ്ചാബ് സംസ്ഥാനങ്ങളുടെ മാതൃകയിൽ ദന്ത വിഭാഗത്തിന് പ്രത്യേക ഡയറക്ടറേറ്റ് സ്ഥാപിക്കാനും ദന്തൽ ഡയറക്ടറെ നിയമിക്കാനും നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

(ബി) ദന്ത വിഭാഗത്തിന്റെ ശാക്തീകരണത്തിനായി നിലവിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള ഏക ദന്തൽ ഡെപ്യൂട്ടി ഡയറക്ടറെ ദന്ത വിഭാഗം അഡീഷണൽ ഡയറക്ടർ ആയി ഉയർത്തണമെന്ന ആവശ്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

തത്കാലം പരിഗണനയിലില്ല.

(സി) ആരോഗ്യ മേഖലയിലെ സീനിയർ ദന്തൽ ഹൈജീനിസ്റ്റുകളെ കേന്ദ്ര മാനദണ്ഡപ്രകാരം ദന്തൽ/ഓറൽ ഹൈജീൻ ആഫീസർ ആയി പുനർ നാമകരണം നടത്താനുള്ള വിഷയത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പരിശോധിച്ചുവരുന്നു.

ഫിസിയോതെറാപ്പിസ്റ്റുകളുടെ സ്ഥിര നിയമനം

208 (208) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിൽ ജനറൽ, ജില്ലാ, താലൂക്കാശുപത്രികളിൽ ഫിസിയോതെറാപ്പിസ്റ്റുകളുടെ എത്ര തസ്തികകൾ ഉണ്ടെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പിനുകീഴിൽ ഫിസിയോതെറാപ്പിസ്റ്റിന്റെ 25 തസ്തിക നിലവിലുണ്ട്. ജില്ല, ജനറൽ, താലൂക്കാശുപത്രി തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ജനറൽ ഹോസ്പിറ്റൽ, തിരുവനന്തപുരം	- 2
ജില്ലാ ഹോസ്പിറ്റൽ, കൊല്ലം	- 2
ജനറൽ ഹോസ്പിറ്റൽ, പത്തനംതിട്ട	- 1
ജനറൽ ഹോസ്പിറ്റൽ, ആലപ്പുഴ	- 1
ജില്ലാ ഹോസ്പിറ്റൽ, ചെങ്ങന്നൂർ	- 1
ജനറൽ ഹോസ്പിറ്റൽ, ചങ്ങനാശ്ശേരി	- 1
ജില്ലാ ഹോസ്പിറ്റൽ, കോട്ടയം	- 1
ജില്ലാ ഹോസ്പിറ്റൽ, പാലാ	- 1
ജില്ലാ ഹോസ്പിറ്റൽ, തൊടുപുഴ	- 1
ജില്ലാ ഹോസ്പിറ്റൽ, ഇടുക്കി	- 1
ജില്ലാ ഹോസ്പിറ്റൽ, മാനന്തവാടി	- 1
ജില്ലാ ഹോസ്പിറ്റൽ, തൃശ്ശൂർ	- 1
ജില്ലാ ഹോസ്പിറ്റൽ, ഇരിങ്ങാലക്കുട	- 1
ജില്ലാ ഹോസ്പിറ്റൽ, മഞ്ചേരി	- 1
ജില്ലാ ഹോസ്പിറ്റൽ, തിരൂർ	- 1
ജനറൽ ഹോസ്പിറ്റൽ, എറണാകുളം	- 2
ജില്ലാ ഹോസ്പിറ്റൽ, കോഴിക്കോട്	- 1
ജില്ലാ ഹോസ്പിറ്റൽ, കണ്ണൂർ	- 1
ജനറൽ ഹോസ്പിറ്റൽ, തലശ്ശേരി	- 2
ജില്ലാ ഹോസ്പിറ്റൽ, പാലക്കാട്	- 1
ജില്ലാ ഹോസ്പിറ്റൽ, കാഞ്ഞങ്ങാട്	- 1
ആകെ	- 25.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ ഫിസിയോതെറാപ്പിസ്റ്റുകൾ ഇല്ലാത്ത ജനറൽ, ജില്ലാ, താലൂക്കാശുപത്രികളിൽ ഫിസിയോതെറാപ്പിസ്റ്റുകളെ നിയമിക്കുന്നത് പരിഗണയിലുണ്ടോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

മലപ്പുറം ബ്ലോക്ക് പ്രാഥമിക ആരോഗ്യകേന്ദ്രം സ്റ്റാഫ് പാറ്റേൺ

209 (209) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ബ്ലോക്ക് പ്രാഥമിക ആരോഗ്യകേന്ദ്രം അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെങ്കിലും സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോവിഡ് പാശ്ചാത്തലത്തിൽ ആവശ്യമായ ജീവനക്കാരുടെ കുറവ് കണക്കിലെടുത്ത് സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുവാനും നിയമനങ്ങൾ നടത്തുവാനും നടപടി സ്വീകരിക്കുമോ?

(എ&ബി) 1-8-2021-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 1633/2021/ആ.കു.വ. പ്രകാരം മലപ്പുറം പൂക്കോട്ടൂർ ബ്ലോക്ക് പ്രാഥമികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് ഇപ്പോൾ പരിഗണനയിലില്ല.

(സി) നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച് വിശദാംശം നൽകാമോ; ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നിലവിൽ പൂക്കോട്ടൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ താഴെപ്പറയുന്ന ഒഴിവുകളാണുള്ളത്. ജെ.പി.എച്ച്.എൻ. ഗ്രേഡ് I: പ്രസ്തുത ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ഉത്തരവ് ലഭ്യമാകാത്തതിനാൽ പ്രസ്തുത ഒഴിവിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. എച്ച്.എ ഗ്രേഡ് II: പ്രസ്തുത ഒഴിവിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്.

ആശുപത്രികളിൽ കരാർ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാർ

210 (210) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെ തുടർന്ന് സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ എത്ര ജീവനക്കാരെ താൽക്കാലികമായി കരാർ ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly